**കണ്ണൂർ സർവ്വകലാശാല**

**ഭരണവിഭാഗം എ സെക്ഷൻ**

---

**നമ്പർ. എഡി എ/എഡി എ3/13744/2020** **തീയതി: 13.10.2021**

**<u>സർക്കുലർ</u>**

വിഷയം:- ജീവനക്കാര്യം - സർവ്വകലാശാലാ താവക്കര ആസ്ഥാന കാര്യാലയത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ കോവിഡ്-19 രോഗ സ്ഥിരീകരണ നിരക്ക് കൂടി വരുന്ന സാഹചര്യത്തിൽ, സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ജീവനക്കാർ ക്വാറന്റൈനിൽ കഴിയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. 15-09-2021 ലെ സർക്കാർ ഉത്തരവ് G.O. (Rt.)No. 634/2021/DMD

2. 28-09-2021 ലെ സർക്കാർ ഉത്തരവ് G.O. (Rt.)No. 662/2021/DMD

----

സർവ്വകലാശാലാ താവക്കര ആസ്ഥാന കാര്യാലയത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ കോവിഡ്-19 രോഗ സ്ഥിരീകരണ നിരക്ക് കൂടി വരുന്ന സാഹചര്യത്തിൽ മുഴുവൻ ജീവനക്കാരും താഴെ ചേർത്ത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് അറിയിക്കുന്നു.

1. **കോവിഡ്-19 പോസറ്റിവ് ആയ/ പ്രാഥമിക സമ്പർക്ക പട്ടികയിൽവരുന്ന ജീവനക്കാർ, ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട് 7 ദിവസം (ഇടയ്ക്കുള്ള പൊതു അവധികൾ ഉൾപ്പെടെ) കഴിഞ്ഞു കോവിഡ് ലക്ഷണങ്ങൾ ഇല്ലെങ്കിൽ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ ഓഫീസിൽ ഹാജരാകുന്നവർ രോഗ ലക്ഷണങ്ങൾ സംബന്ധിച്ച സ്വയം നിരീക്ഷണം, സാമൂഹിക അകലം, ഉൾപ്പെടെയുള്ള കോവിഡ് പ്രോട്ടോക്കോൾ ഒരാഴ്ച കൂടി കർശനമായി പാലിക്കേണ്ടതാണ്.**
2. ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട് 7 ദിവസം (ഇടയ്ക്കുള്ള പൊതു അവധികൾ ഉൾപ്പെടെ) കഴിഞ്ഞു ലക്ഷണങ്ങൾ ഉണ്ടെങ്കിൽ കോവിഡ് ടെസ്റ്റ് ചെയ്തു നെഗറ്റിവ് ആയാൽ ഉടൻ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ ഓഫീസിൽ ഹാജരാകുന്നവർ രോഗ ലക്ഷണങ്ങൾ സംബന്ധിച്ച സ്വയം നിരീക്ഷണം, സാമൂഹിക അകലം, ഉൾപ്പെടെയുള്ള കോവിഡ് പ്രോട്ടോക്കോൾ ഒരാഴ്ച കൂടി കർശനമായി പാലിക്കേണ്ടതാണ്.
3. ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട് 7 ദിവസം (ഇടയ്ക്കുള്ള പൊതു അവധികൾ ഉൾപ്പെടെ) കഴിഞ്ഞു ലക്ഷണങ്ങൾ ഉണ്ടെങ്കിൽ കോവിഡ് ടെസ്റ്റ് ചെയ്തു പോസറ്റിവ് ആയാൽ ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരണം ക്വാറന്റൈൻ തുടരേണ്ടതാണ്.
4. മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് ജീവനക്കാർ ക്വാറന്റൈൻ ആയി വരുന്ന കാലയളവ്, ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കാഷ്വൽ ലീവ് ആയി അനുവദിക്കുന്നതാണ്.
5. ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട ജീവനക്കാർ ഏതെങ്കിലും ഗുരുതര രോഗങ്ങളോ ജീവിത ശൈലീ രോഗങ്ങളോ ഉള്ളവർ ആണെങ്കിൽ മാത്രം ഏഴുദിവസത്തിന് ശേഷം രോഗ ലക്ഷണങ്ങളില്ലെങ്കിലും ആർ.ടി.പി.സി.ആർ. ടെസ്റ്റ് ചെയ്യേണ്ടതും നെഗറ്റീവ് ആണെങ്കിൽ ഓഫീസിൽ ഹാജരാവുകയും പോസിറ്റീവ് ആണെങ്കിൽ ചികിത്സ തേടുകയും ചെയ്യേണ്ടതാണ്.
6. കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്ക പട്ടികയിൽ വരുന്ന ജീവനക്കാർ കഴിഞ്ഞ 3 മാസത്തിനുള്ളിൽ കോവിഡ് രോഗമുക്തനായ ആളാണെങ്കിൽ ക്വാറൻറൈനിൽ പോകേണ്ടതില്ല. അത്തരം ജീവനക്കാർ കൃത്യമായ കോവിഡ് അനുബന്ധ നിർദ്ദേശങ്ങൾ പാലിച്ചും രോഗ ലക്ഷണങ്ങൾക്ക് സ്വയം നിരീക്ഷണത്തിൽ ഏർപ്പെട്ടും ഓഫീസിൽ ഹാജരാകേണ്ടതും രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടനടി വൈദ്യ സഹായം തേടേണ്ടതുമാണ്.
7. കോവിഡ് രോഗം മൂർച്ഛിച്ച് ആശുപത്രിയിൽ ചികിൽത്സ തേടേണ്ടി വരുന്ന ജീവനക്കാർക്ക് ചികിൽത്സ കാലയളവ് മുഴുവനും മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതാണ്.

8. ഏതെങ്കിലും ജീവനക്കാർ മേൽ സംവിധാനം ദുരുപയോഗം ചെയ്യുന്നുവെന്ന് കണ്ടാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.
9. കോവിഡ്-19 പോസിറ്റീവ് ആയ ജീവനക്കാരും പ്രാഥമിക സമ്പർക്ക പട്ടികയിലുള്ള ജീവനക്കാരും ക്വാറൻറൈനിൽ പ്രവേശിച്ച വിവരം registrar@kannuruniv.ac.in എന്ന ഇമെയിൽ വിലാസത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
10. സർവ്വകലാശാല ഓഫീസുകളിൽ ഹാജരാകുന്ന മുഴുവൻ ജീവനക്കാരും കോവിഡ് -19 പ്രോട്ടോക്കോൾ കർശനമായും പാലിക്കേണ്ടതാണ്.

ഒപ്പ് /-
**SAJEEVAN M**
അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

എല്ലാ ബ്രാഞ്ച്/ഓഫീസ്/വകുപ്പ് മേധാവികൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ